**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2153** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ സുരക്ഷ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | **ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം കേരളത്തിലെ നിർധനരായ 41.8 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. മേൽ പറഞ്ഞ 41.8 ലക്ഷം കുടുംബങ്ങളിൽ പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള കുടുംബങ്ങൾക്ക് APL / BPL വ്യത്യസമില്ലാതെ ഒറ്റതവണത്തേക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും (വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപയുടെ വരെ സൗജന്യ ചികിത്സ) സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) മുഖാന്തിരം കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതി വഴി നൽകിവരുന്നുണ്ട്.**<br><br>ഗർഭാവസ്ഥയിലും പ്രസവസമയത്തും പ്രസവാനന്തരവും അമ്മയ്ക്കും കുഞ്ഞിനും മികച്ചതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തു ന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേവനങ്ങൾ **(ജെ എസ് വൈ, ജെ എസ് എസ് കെ, ക്വാളിറ്റി സ്റ്റാൻഡേർഡ്സ് തുടങ്ങിയവ) ഒരു കുടക്കീഴിൽ കൊണ്ടു വരികയും ഇവയെപ്പറ്റി അമ്മമാർക്ക് അവബോധം നൽകുകയും ചെയ്യുന്നതിനായി സുരക്ഷിത് മാതൃത്വ ആശ്വാസൻ (സുമൻ) എന്ന പദ്ധതിക്ക് 2021ൽ തുടക്കം കുറിച്ചു. മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.** |

**നവകേരള കർമ്മപദ്ധതി-2 ന്റെ ഭാഗമായി "അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിന്റെ ഭാഗമായി 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങൾക്കും വാർഷിക ആരോഗ്യപരിശോധന നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്ത 140 പഞ്ചായത്തുകളിൽ ആശമാ രുടെ സഹകരണത്തോടു കൂടി 30 വയസിന് മുകളിലുള്ളവരുടെ ജീവിത ശൈലീരോഗങ്ങളെ കുറിച്ചും അതിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. "ശൈലി" എന്ന മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്ന ഈ ഡേറ്റയുടെ അടിസ്ഥാനത്തിൽ രോഗം വരാൻ സാധ്യതയുള്ളവരെ കണ്ടെത്തി തൊട്ടടുത്ത ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രമേഹം, രക്താതിമർദ്ദം, ബിഎംഐ, ക്യാൻസറുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്യാൻസർ ചികിത്സാരംഗത്ത് ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റീജിയണൽ ക്യാൻസർ സെന്ററുകളിലെ ചികിത്സ വികേന്ദ്രീകൃതമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 സ്ഥാപനങ്ങളിൽ നൽകാൻ സാധിച്ചതിലൂടെ ആയിരക്കണക്കിന് ക്യാൻസർ രോഗികൾക്ക് സ്വന്തം ജില്ലകളിൽ തന്നെ ചികിത്സ ലഭിച്ചു. അതുപോലെ പതിനേ ലക്ഷത്തോളം നിർദ്ധനരായ രോഗികൾക്ക് ജീവിത ശൈലീ രോഗങ്ങളുടെ മരുന്ന് ആശാ പ്രവർത്തകരിലൂടെ വീടുകളിൽ എത്തിച്ചുകൊടുത്തു. ടെലി കൺസൾട്ടേഷനിലൂടെ ഇ -സഞ്ജീവിനി ജീവിത ശൈലി രോഗ ചികിത്സക്കായി പ്രത്യേക ഒപി. ആരംഭിച്ചു.**

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ

ആശുപത്രികളിലും താലൂക്കാശുപത്രികളിലും 232 സി.എച്ച്.സി കളിലും 835 പി.എച്ച്.സികളിലും 5400 ൽ പരം Sub centre കളിലും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

**ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.**

**ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം 2ആയി ചേർക്കുന്നു.**

**ഡങ്കിപ്പനി, ചിക്കൻഗുനിയ, മലമ്പനി, സിക്ക മുതലായ പ്രാണീജന്യ രോഗങ്ങളേയും നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും ഇവ മൂലമുള്ള മരണങ്ങളും ഒരു പരിധിവരെ കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. മലമ്പനി മൂലം ഒരു മരണം പോലും ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 2022 ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. കൂടാതെ കൊല്ലം, കോട്ടയം ജില്ലകളിൽ 2022 ഓടെ മന്ത് രോഗവും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.**

**എലിപ്പനി രോഗത്തെക്കുറിച്ച് പൊതുജനങ്ങളിലും ആരോഗ്യവകുപ്പ് ജീവനക്കാരിലും അവബോധം വർദ്ധിപ്പിക്കുന്നതിനായി "ഏക ആരോഗ്യം" എന്ന സമീപനത്തിൽ അധിഷ്ഠിതമായി 2022 ഏപ്രിൽ 13ന് എല്ലാ ജില്ലകളിലും "മൃത്യുഞ്ജയം" എന്ന പദ്ധതിയുടെ കീഴിൽ വിവിധ പരിപാടികൾ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എലിപ്പനി രോഗവും അതുമൂലമുള്ള മരണവും നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.**

**1. പി എച്ച് സി മുതലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഡോക്സി കോർണറുകൾ സ്ഥാപിക്കുകയും രോഗലക്ഷണങ്ങൾ ഉള്ളവർക്ക് ഡോക്സിസൈക്ലീൻ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.**

| | | | |
|---|---|---|---|
| | | | **2. രോഗബാധയ്ക്ക് സാധ്യതയുള്ള ആളുകളെ കണ്ടുപിടിക്കുയും അവർ രോഗാണുക്കളുമായി സമ്പർക്കത്തിൽ വരാനുള്ള സാഹചര്യമുണ്ടാകുമ്പോൾ ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളിക ആഴ്ചയിലൊരിക്കൽ നൽകുകയും ചെയ്തുവരുന്നുണ്ട്.**<br><br>**കൗമാരകാലത്തെ ആരോഗ്യ ശീലങ്ങൾ മെച്ചപ്പെടുത്താനും, മെച്ചപെട്ട ആരോഗ്യ സൂചികകൾ നേടാനും ഉതകുന്ന രീതിയിൽ ആരോഗ്യകേരളം കൗമാര ആരോഗ്യ വിഭാഗം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഊർജ്ജി തമായി നടത്തിവരുന്നു. കൗമാരക്കാർക്ക് പോഷണത്തെക്കുറിച്ചുള്ള ക്ലാസ്സുകളും വിളർച്ച തടയുന്നതിനായി അയൺഫോളിക് ആസിഡ് ഗുളികകൾ ഉപയോഗിക്കുന്നതിനുള്ള ബോധവത്ക്കരണവും പ്രചോദനവും നൽകിവരുന്നു.** |
| (ബി) | എങ്കിൽ നാളിതുവരെ പ്രസ്തുത മേഖലയിൽ നടപ്പാക്കിയതും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | **ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം കേരളത്തിലെ നിർധനരായ 41.8 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. മേൽ പറഞ്ഞ 41.8 ലക്ഷം കുടുംബങ്ങളിൽ പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള കുടുംബങ്ങൾക്ക് APL / BPL വ്യത്യസമില്ലാതെ ഒറ്റതവണത്തേക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും (വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപയുടെ വരെ സൗജന്യ ചികിത്സ) സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) മുഖാന്തിരം കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതി വഴി നൽകിവരുന്നുണ്ട്.**<br><br>ഗർഭാവസ്ഥയിലും പ്രസവസമയത്തും പ്രസവാനന്തരവും അമ്മയ്ക്കും കുഞ്ഞിനും മികച്ചതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തു ന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേവനങ്ങൾ **(ജെ എസ് വൈ, ജെ എസ് എസ് കെ, ക്വാളിറ്റി സ്റ്റാൻഡേർഡ്സ് തുടങ്ങിയവ) ഒരു കുടക്കീഴിൽ കൊണ്ടു വരികയും ഇവയെപ്പറ്റി അമ്മമാർക്ക്** |

അവബോധം നൽകുകയും ചെയ്യുന്നതിനായി സുരക്ഷിത് മാതൃത്വ ആശ്വാസൻ (സുമൻ) എന്ന പദ്ധതിക്ക് 2021ൽ തുടക്കം കുറിച്ചു. മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

നവകേരള കർമ്മപദ്ധതി-2 ന്റെ ഭാഗമായി "അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിന്റെ ഭാഗമായി 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങൾക്കും വാർഷിക ആരോഗ്യപരിശോധന നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്ത 140 പഞ്ചായത്തുകളിൽ ആശമാ രുടെ സഹകരണത്തോടു കൂടി 30 വയസിന് മുകളിലുള്ളവരുടെ ജീവിത ശൈലീരോഗങ്ങളെ കുറിച്ചും അതിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. "ശൈലി" എന്ന മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്ന ഈ ഡേറ്റയുടെ അടിസ്ഥാനത്തിൽ രോഗം വരാൻ സാധ്യതയുള്ളവരെ കണ്ടെത്തി തൊട്ടടുത്ത ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രമേഹം, രക്താതിമർദ്ദം, ബിഎംഐ, ക്യാൻസറുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്യാൻസർ ചികിത്സാരംഗത്ത് ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റീജിയണൽ ക്യാൻസർ സെന്ററുകളിലെ ചികിത്സ വികേന്ദ്രീകൃതമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 സ്ഥാപനങ്ങളിൽ നൽകാൻ സാധിച്ചതിലൂടെ ആയിരക്കണക്കിന് ക്യാൻസർ രോഗികൾക്ക് സ്വന്തം ജില്ലകളിൽ തന്നെ ചികിത്സ ലഭിച്ചു. അതുപോലെ പതിനേ ലക്ഷത്തോളം നിർദ്ധനരായ രോഗികൾക്ക് ജീവിത ശൈലീ രോഗങ്ങളുടെ മരുന്ന് ആശാ പ്രവർത്തകരിലൂടെ വീടുകളിൽ എത്തിച്ചുകൊടുത്തു. ടെലി കൺസൾട്ടേഷനിലൂടെ ഇ -സഞ്ജീവിനി ജീവിത ശൈലി രോഗ ചികിത്സക്കായി പ്രത്യേക ഒപി. ആരംഭിച്ചു.

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും 232 സി.എച്ച്.സി കളിലും 835 പി.എച്ച്.സികളിലും 5400 ൽ പരം Sub centre കളിലും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

**ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.**

**ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം 2ആയി ചേർക്കുന്നു.**

**ഡങ്കിപ്പനി, ചിക്കൻഗുനിയ, മലമ്പനി, സിക്ക മുതലായ പ്രാണീജന്യ രോഗങ്ങളേയും നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും ഇവ മൂലമുള്ള മരണങ്ങളും ഒരു പരിധിവരെ കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. മലമ്പനി മൂലം ഒരു മരണം പോലും ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 2022 ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. കൂടാതെ കൊല്ലം, കോട്ടയം ജില്ലകളിൽ 2022 ഓടെ മന്ത് രോഗവും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.**

**എലിപ്പനി രോഗത്തെക്കുറിച്ച് പൊതുജനങ്ങളിലും ആരോഗ്യവകുപ്പ് ജീവനക്കാരിലും അവബോധം വർദ്ധിപ്പിക്കുന്നതിനായി “ഏക ആരോഗ്യം" എന്ന സമീപനത്തിൽ അധിഷ്ഠിതമായി 2022 ഏപ്രിൽ 13ന് എല്ലാ ജില്ലകളിലും “മൃത്യുഞ്ജയം" എന്ന പദ്ധതിയുടെ കീഴിൽ വിവിധ പരിപാടികൾ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എലിപ്പനി രോഗവും അതുമൂലമുള്ള മരണവും നിയന്ത്രിക്ക**

| | | | |
|---|---|---|---|
| | | | ന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.<br><br>1. പി എച്ച് സി മുതലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഡോക്സി കോർണറുകൾ സ്ഥാപിക്കുകയും രോഗലക്ഷണങ്ങൾ ഉള്ളവർക്ക് ഡോക്സിസൈക്ലിൻ ചികിത്സ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.<br><br>2. രോഗബാധയ്ക്ക് സാധ്യതയുള്ള ആളുകളെ കണ്ടുപിടിക്കുയും അവർ രോഗാണുക്കളുമായി സമ്പർക്കത്തിൽ വരാനുള്ള സാഹചര്യമുണ്ടാകുമ്പോൾ ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളിക ആഴ്ചയിലൊരിക്കൽ നൽകുകയും ചെയ്തുവരുന്നുണ്ട്.<br><br>കൗമാരകാലത്തെ ആരോഗ്യ ശീലങ്ങൾ മെച്ചപ്പെടുത്താനും, മെച്ചപെട്ട ആരോഗ്യ സൂചികകൾ നേടാനും ഉതകുന്ന രീതിയിൽ ആരോഗ്യകേരളം കൗമാര ആരോഗ്യ വിഭാഗം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഊർജ്ജി തമായി നടത്തിവരുന്നു. കൗമാരക്കാർക്ക് പോഷണത്തെക്കുറിച്ചുള്ള ക്ലാസ്സുകളും വിളർച്ച തടയുന്നതിനായി അയൺഫോളിക് ആസിഡ് ഗുളികകൾ ഉപയോഗിക്കുന്നതിനുള്ള ബോധവത്ക്കരണവും പ്രചോദനവും നൽകിവരുന്നു. |
| (സി) | ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കോവിഡ് ചികിത്സയ്ക്കും കോവിഡ് വ്യാപനം തടയുവാനും എല്ലാവർക്കും ബൂസ്റ്റർ ഡോസ് ഉറപ്പാക്കാനും സ്വീകരിച്ച വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) | കോവിഡ് ചികിത്സയ്ക്കായി CFLTC, CSLTC തുടങ്ങിയവ സംസ്ഥാനത്ത് താലൂക്ക് ,ജില്ലാ കേന്ദ്രങ്ങളിലും ആരംഭിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ പ്രധാന ആശുപത്രികളെല്ലാം കോവിഡ് ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റിയിരുന്നു. ആരോഗ്യ വകുപ്പിനു കീഴിൽ കോവിഡാനന്തര രോഗങ്ങളുടെ ചികിത്സയ്ക്കായി 1190 ക്ലിനിക്കുകളിൽ നിന്നായി 339035 പേരെ പ്രാഥമിക തലത്തിലും 125281 പേരെ സെക്കന്ററി തലത്തിലും പരിശോധിച്ചിട്ടുണ്ട്. കോവിഡാനന്തരമുള്ള ശ്വാസ സംബന്ധവും ഹൃദയസംബന്ധവും നാഡീ സംബന്ധവുമായ രോഗങ്ങൾക്കും മാനസിക രോഗങ്ങൾക്കും ചികിത്സകൾ നൽകി വരുന്നു . 371764 പേർക്ക് ടെലിമെഡിസിൻ സംവിധാനത്തിലൂടെ കോവിഡാനന്തര രോഗങ്ങൾക്കായി ചികിത്സ നൽകി വരുന്നുണ്ട്. |

കോവിഡ് വ്യാപനം തടയുന്നതിനായി ഒ.പിയിൽ വരുന്ന പനി, ചുമ, തൊണ്ട വേദന, ജലദോഷം തുടങ്ങിയ രോഗലക്ഷണങ്ങളുള്ളവരുടെ സാമ്പിളുകൾ RAT/RTPCR പരിശോധന നടത്തി ആവശ്യമായ ചികിത്സ നൽകി വരുന്നു. കൂടാതെ Severe Acute Respiratory Illness (SARI) ലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നവരുടെ സാമ്പിളുകൾ RTPCR പരിശോധനയ്ക്ക് വിധേയമാക്കി പോസിറ്റീവാകുന്നവർക്ക് ആവശ്യമായ ചികിത്സ നൽകുന്നതോടൊപ്പം RTPCR പോസിറ്റീവായ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി RGCBയിലേയ്ക്ക് അയയ്ക്കുന്നു. നിലവിൽ ഒമിക്രോൺ വേരിയന്റ് ആണ് കണ്ടെത്തിയിട്ടുള്ളത്. പുതിയ വേരിയന്റ് കണ്ടെത്തുന്ന സ്ഥലങ്ങളിൽ രോഗനിരീക്ഷ ണവും, ടെസ്റ്റിംഗ് സംവിധാനവും നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി രോഗ വ്യാപനം തടയുന്നു. കൂടാതെ ജീവിത ശൈലീ രോഗങ്ങൾ ഉള്ളവർക്കും, മറ്റ് സങ്കീർണ്ണത കളുള്ളവർക്കും ആശുപത്രിയിൽ പ്രവേശിപ്പിച്ച് കൃത്യമായ ചികിത്സ നൽകി വരുന്നു. ഇ-സഞ്ജീവനി സേവനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. യോഗ്യരായ എല്ലാവർക്കും വാക്സിനേഷൻ നൽകാനുള്ള പ്രവർത്തനങ്ങളും തുടർന്നു വരുന്നുണ്ട്.

കോവിഡിന്റെ സമയത്ത് എൻ.സി.ഡി രോഗികൾക്ക് അവരുടെ വീടുകളിൽ തന്നെ ഒരു മാസത്തെ മരുന്നുകൾ വിതരണം ചെയ്തിരുന്നു. തടസമില്ലാത്ത സേവനം ഉറപ്പാക്കുന്നതിന് എല്ലാ ഡയാലിസിസ് കേന്ദ്രങ്ങളും സാധ്യമായ പരമാവധി ഷിഫ്റ്റുകളിൽ പ്രവർത്തിക്കുകയും ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് പ്രത്യേക ഡയാലിസിസ് സൗകര്യം നൽകുകയും വയോജനങ്ങൾക്ക് ആവശ്യമായ പരിചരണം നൽകുന്നതിനായി ആരോഗ്യ പ്രവർത്തകർ സ്ഥിരമായി വീടുകൾ സന്ദർശിക്കുകയും ചെയ്തിരുന്നു.

| | | | |
|---|---|---|---|
| | | | **കോവിഡിന്റെ കാലഘട്ടത്തിൽ ഡോക്ടർമാർ, ഹൗസ്സർജൻമാർ, നഴ്സിംഗ് ഓഫീസർമാർ, ആയുഷ് ഉദ്യോഗസ്ഥർ, മുൻനിര ആരോഗ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവിധ പരിശീലനങ്ങൾ ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത പരിശീലനങ്ങൾ നിപ്പ, മങ്കിപോസ്സ് ഉടങ്ങിയ മറ്റ് പകർച്ച വ്യാധികളുടെ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.**<br><br>**മുൻകരുതൽ ഡോസ് നൽകുന്നതിനുള്ള കോവിഡ് വാക്സിനുകൾ സംസ്ഥാനത്തുട നീളമുള്ള എല്ലാ സർക്കാർ വാക്സിനേഷൻ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. സ്വീകരിക്കാത്തവർക്ക് ആവശ്യമായ സെഷനുകൾ ഉൾപ്പെടുത്താൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് CoWIN-ൽ നിന്ന് ലഭ്യമായ മുൻകരുതൽ ഡോസ് ഡ്യൂ ലിസ്റ്റ് ഉപയോഗിക്കുന്നു. മുൻകരുതൽ ഡോസിനെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി IEC പ്രവർത്തനങ്ങൾ നടത്തി വരുന്നു.** |
| (ഡി) | ക്ഷയരോഗം, മഞ്ഞപ്പിത്തം തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള വാക്സിൻ/ചികിത്സ എന്നിവ ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | ക്ഷയരോഗം, മഞ്ഞപ്പിത്തം തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള വാക്സിൻ/ചികിത്സ എന്നിവ ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്ത നങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I
നം. 1

<u>ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതികൾ</u>

1.പക്ഷാഘാത ചികിത്സാ പദ്ധതി (ശിരസ്- SIRAS)
(Stroke Identification, Rehabilitation, Awareness and Stabilisation Programme)
എല്ലാ ജില്ലാ ആശുപത്രികളിലും stroke unit സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടു കൂടി സംസ്ഥാന ജീവിതശൈലീ രോഗനിർണയ പദ്ധതിയുടെ പ്ലാൻ ഫണ്ടിലൂടെയും NPCDCS ഫണ്ടിലൂടെയും ഫണ്ട് അനുവദിക്കുകയും 10 കേന്ദ്രങ്ങളിൽ stroke unit പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗനിർണയ പദ്ധതി
ആശാ പ്രവർത്തകരുടെ സഹായത്തോടു കൂടി ഗൃഹസന്ദർശനം നടത്തി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ജീവിതശൈലീരോഗങ്ങളെ കുറിച്ചും അവയിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഉള്ള ഒരു സമഗ്ര സർവ്വേയും അതിനെ തുടർന്നുള്ള പരിശോധനയുമാണ് ഈ ക്യാമ്പയിനിലൂടെ നടത്തുവാന് ഉദ്ദേശിക്കുന്നത്. ഇതിനായി ഇ-ഹെല്ത്തിന്റെ സഹായത്തോടു കൂടി ശൈലീ എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കുകയും അതിലൂടെ വിവരശേഖരണം നടത്തുകയുമാണ് ചെയ്യുന്നത്. തുടക്കത്തിൽ ഒരു നിയോജകമണ്ഡലത്തിലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനെ തുടർന്ന് ഘട്ടം ഘട്ടമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി എൻസിഡിസി പ്ലാൻ പദ്ധതി മുഖേനെയും ദേശീയ ആരോഗ്യദൗത്തിന്റെ ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നതാണ്.

3. IHCI (India Hypertension Control Initiative)
സംസ്ഥാനത്ത് രക്താതി മർദ്ദം (Hypertension) വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് ലോകാരോഗ്യ സംഘടനയും ICMR മായി സഹകരിച്ചു കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് IHCI. എല്ലാ ജില്ലാ ചികിത്സാ കേന്ദ്രങ്ങളിലും 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പേരുടെയും രക്തമർദ്ദം പരിശോധിക്കുതിനും രോഗം കണ്ടെത്തുന്നവരെ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിൽ ചികിത്സിക്കുകയും അവരുടെ രോഗം നിയന്ത്രിക്കപ്പെടുന്നതു വരെ Folow up ചെയ്യുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

4. CAPD clinic (Continuous Ambulatory peritoneal Dialysis)
സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന് അനുസൃതമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കുകയും ജനങ്ങൾക്ക് സാമ്പത്തികവും ശാരീരികവുമായ അസൗകര്യങ്ങൾ നേരിടുന്നത് കണക്കിലെടുത്ത സംസ്ഥാന ആരോഗ്യ വകുപ്പ് താരതമ്യേന ചിലവ് കുറയുന്നതും വീട്ടിൽ വച്ച് ചെയ്യാവുന്നതുമായ CAPD ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതി ആരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, പാലക്കാട് ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ ഇതിന്റെ പ്രവർത്തനം നടപ്പിലായത്. ഇപ്പോൾ എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രവർത്തനസജ്ജമാണ്.

5.ഡയബറ്റിക് റെറ്റിനോപതി (നയനാമൃതം പദ്ധതി)
പ്രമേഹരോഗത്തിന്റെ complication ആയ ഡയബറ്റിക് റെറ്റിനോപ്പതി അഥവാ നേത്രപടല അന്ധത നിർണയിക്കുന്നതിനും, ചികിത്സിക്കുന്നതിനും, സംസ്ഥാന ആരോഗ്യ വകുപ്പ് നയനാമൃതം പദ്ധതി ആരംഭിച്ചിരിക്കുന്നു.

6. ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്ക്

ഞരമ്പുകളെ ബാധിക്കുന്ന പെരിഫെറൽ ന്യൂറോപ്പതിയും കാലിലെ വ്രണവും പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 82 ആശുപത്രികളിൽ ഈ സേവനം ലഭ്യമാണ്.

7. COPD നിയന്ത്രണ പദ്ധതി (SWASS)

ഗുരുതര ശ്വാസകോശ രോഗമായ Chronic Obstructive Pulmonary disease നിർണയിക്കുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ജില്ലാ ആശുപത്രികളിലും SWASS ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഈ കേന്ദ്രങ്ങളിൽ സ്പൈറോമീറ്റർ വാങ്ങി നല്കുകയും പൾമെണറി ടെസ്ററ് ഫങ്ഷൻ നടത്തി COPD രോഗനിർണയം നടത്തുകയും ചെയ്യുന്നു. രോഗം സ്ഥിതീകരിക്കുന്നവർക്കുള്ള പ്രത്യേക ചികിത്സയും സൗജന്യമായാണ് നടത്തി വരുന്നത്. 378 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 25 താലൂക്ക് ആശുപത്രികളിലും 24 ജില്ലാ ആശുപത്രികളിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

1/9/22

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## ദേശീയകുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

**1. ആക്ടീവ് കേസ് ഡിറ്റക്ഷൻ ആൻറ് റെഗുലർ സർവൈലൻസ് ഫോർ ലെപ്രസി (ACD&RS)**

**അശ്വമേധം 4.0**

സംസ്ഥാനത്ത് സമ്പൂർണ്ണ കുഷ്ഠരോഗ നിർമ്മാർജ്ജന സർവ്വേ (ആക്ടീവ് കേസ് ഡിറ്റക്ഷൻ ആൻറ് റെഗുലർ സർവൈലൻസ് ഫോർ ലെപ്രസി (ACD&RS)) എന്ന പേരിൽ ഒരു പദ്ധതി 2020-2021 ൽ നടപ്പിലാക്കുകയുണ്ടായി. ഒരു ആശ പ്രവർത്തകയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശം അഥവാ 1000 ജനസംഖ്യ ഉൾപ്പെടുന്ന പ്രദേശത്ത് ഒരു അടിസ്ഥാന യൂണിറ്റായി പുരുഷ – വനിത വോളൻറിയർമാർ ഓരോ വ്യക്തികളേയും നേരിട്ട് കണ്ട് കുഷ്ഠരോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഒപ്പം പരിശോധന നടത്തി കുഷ്ഠരോഗത്തിനോട് സമാനതയുള്ള ലക്ഷണങ്ങൾ ഉള്ളവരെ റഫർ ചെയ്യുകയും ചെയ്യുന്നു. പരിശോധന സമയം യുക്താനുസരണം തെരഞ്ഞെടുക്കാം എന്നു മാത്രമല്ല 6 മാസം കൊണ്ട് പരിശോധന പൂർത്തിയാക്കിയാൽ മതിയാകും എന്നതും മുഴുവൻ ആളുകളെയും പരിശോധിക്കാൻ സൗകര്യം നൽകുന്നു. മാത്രമല്ല പരിശോധന കാലയളവിൽ വിദൂരങ്ങളിൽ താല്കാലിക താമസമായതിനാൽ നേരിട്ടുകാണാൻ കഴിയാത്തവരുടെ പേരും മൊബൈൽ നമ്പർ ഉൾപ്പെടെ വിശദമായ വിലാസം സൂപ്പർവൈസർ ബ്ളോക്ക് മെഡിക്കൽ ആഫീസർ/ ഡിസ്ട്രിക്റ്റ് ലെപ്രസി ഓഫീസർ വഴി സ്റ്റേറ്റ് ലെപ്രസി ഓഫീസർക്ക് നൽകുന്നു. ഇതിലൂടെ സംസ്ഥാനത്തെ മുഴുവൻ കുഷ്ഠരോഗബാധിതരെയും ചികിൽസയ്ക്ക് എത്തിക്കുന്നതിനു സാധിക്കും. പ്രസ്തുത പരിപാടിയിലൂടെ 208 രോഗികളെ പുതുതായി കണ്ടുപിടിച്ച് ചികിൽസ ആരംഭിക്കുവാൻ സാധിച്ചു. സംസ്ഥാനത്ത് 97% സർവ്വേ പൂർത്തീകരിക്കാൻ സാധിച്ചു.

**2. ഇറാഡിക്കേഷൻ ഓഫ് ലെപ്രസി ത്രൂ സെൽഫ് റിപ്പോർട്ടിംഗ് ആൻറ് അവയർനസ് (ELSA)**

COVID 19 ൻറെ പശ്ചാത്തലത്തിൽ കുഷ്ഠരോഗ നിർണ്ണയത്തിന് നേരിട്ട പരിമിതികൾ മറികടക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് ELSA. നിരന്തര ബോധവൽക്കരണത്തിലൂടെ കുഷ്ഠരോഗത്തിന് സമാനമായ ലക്ഷണങ്ങൾ ഉള്ളവരെ രോഗനിർണ്ണയത്തിനും ചികിൽസയ്ക്കും എത്തുന്നതിന് പ്രേരിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിപുലമായ ബോധവൽക്കരണത്തിലൂന്നിയുള്ള ഈ പദ്ധതി കോവിഡ്19 പശ്ചാത്തലത്തിൽ സാരമായി നേട്ടം കൈവരിക്കാൻ സഹായകമായി. ഇപ്രകാരം 2020-2021 ൽ 170 ത്വക്ക് രോഗവിദഗ്ധർ ഇ-സൻജ്ജീവനിയിൽ രജിസ്റ്റർ ചെയ്യുകയും 10 വ്യക്തികൾക്ക് കുഷ്ഠരോഗ നിർണ്ണയവും ചികിൽസയും കൊടുക്കുവാനും കഴിഞ്ഞു.

**3. ബാലമിത്ര**

കുട്ടികളിലെ കുഷ്ഠരോഗബാധിതരുടെ നിരക്ക് കഴിഞ്ഞ 5 വർഷങ്ങളിൽ അതായത് 2016-17, 2017-18, 2018-19, 2019-2020, 2020-2021 വർഷങ്ങളിൽ യഥാക്രമം 7.2%, 9.4%, 8.5%, 7.7%, 2.8% ആണ്. കുട്ടികളിലെ കുഷ്ഠരോഗബാധ പ്രാരംഭത്തിലെ കണ്ടുപിടിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് **"ബാലമിത്ര"** എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം പത്തനംതിട്ട ജില്ലയിൽ വച്ച് നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് അങ്കണവാടിതല സർവ്വേ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത സർവ്വേയിലൂടെ ഒരു കുട്ടിക്ക് കുഷ്ഠരോഗമുണ്ടെന്ന് കണ്ടെത്തുകയും ചികിൽസ ആരംഭിക്കുകയും ചെയ്തു.

**4. സ്പർശ് ലെപ്രസി അവയർനസ് ക്യാംപെയ്ൻ**

കുഷ്ഠരോഗത്തെക്കുറിച്ചുള്ള വസ്തുതകൾ സമൂഹത്തിൽ എത്തിക്കുക കുഷ്ഠരോഗത്തോടുള്ള സാമൂഹ്യ അവജ്ഞ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ ജനുവരി 30 ന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും എല്ലാ സ്ഥാപനങ്ങളിലും ദേശീയ കുഷ്ഠരോഗദിനാചരണം നടത്തിവരുന്നു.

**5. അംഗവൈകല്യം തടയുന്നതിനും പുനരധിവാസത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ**

കുഷ്ഠരോഗംമൂലം വൈകല്യം ബാധിച്ച രോഗികൾക്ക് വിവിധ ഔഷധ ചികിൽസ (MDT) പൂർത്തിയാക്കിയശേഷവും നിലനിൽക്കുന്ന വൈകല്യം പരിഹരിക്കാനായി റീകൺസ്ട്രക്റ്റീവ് സർജ്ജറി (ആർ.സി.എസ്)

സൗജന്യമായി നടത്തുന്നു. ഗവൺമെൻറ് അംഗീകാരത്തോട്ടുകൂടി പ്രവർത്തിക്കുന്ന എൻ.ജി.ഒ ആയ സെൻറ് ജോൺസ് ഹെൽത്ത് സർവ്വീസ് പിരപ്പൻകോടാണ് ഈ സർജ്ജറി ചെയ്യുന്നത്. ഇപ്രകാരം സർജ്ജറിക്കു വിധേയമാകുന്നവർക്ക് സർജ്ജറി കാലയളവിൽ ഉള്ള വരുമാനനഷ്ടം പരിഹരിക്കാനായി 8000 രൂപ 3 ഗഡുക്കളായി നൽകുന്നു. ടി സഹായം നൽകുന്നതിന് വരുമാനം ബാധകമല്ല.

1/9/22

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം 3.

## ക്ഷയരോഗം, മഞ്ഞപ്പിത്തം തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള വാക്സിൻ/ചികിത്സ എന്നിവ ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ

ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരം വാക്സിനുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, സർക്കാർ ആശുപത്രികൾ എന്നിവടങ്ങളിൽ നിന്നും നിശ്ചിത ദിവസങ്ങളിൽ സൗജന്യമായി നൽകി വരുന്നു. കുട്ടികളിൽ കണ്ടു വരുന്ന ഗുരുതരമായ ക്ഷയരോഗം വരാതിരിക്കുന്നതിനായി കുട്ടികൾക്ക് BCG വാക്സിൻ ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പദ്ധതി പ്രകാരം നൽകുന്നു.

ഹെപ്പറ്റൈറ്റിസ് ബി വൈറസ് ബാധയുള്ള അമ്മ മാരിൽ നിന്നും നവജാത ശിശുവിലേയ്ക്ക് ഹെപ്പറ്റൈറ്റിസ് ബി വൈറസ് പകരാതിരിക്കുന്നതിനും കുട്ടികൾക്ക് ഹൈപ്പറ്റൈറ്റിസ് വൈറസ് രോഗം വരുന്നതിൽ നിന്നും തടയുന്നതിനുമായി കുട്ടികൾ ജനിച്ച് 24 മണിക്കൂറിനകം ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ നൽകുന്നു.ഇതു കൂടാതെ ഹെപ്പറ്റൈറ്റിസ് ബി വൈറസ് മൂലമുണ്ടാകുന്ന മഞ്ഞപ്പിത്തം, കരൾ രോഗം എന്നിവ വരാതിരിക്കുന്നതിനായി ഹെപ്പറ്റൈറ്റിസ് വാക്സിൻ ഉൾപ്പെട്ട പെന്റാവാലന്റ് വാക്സിൻ 6,10,14 ഇടവേളകളിലെ ആഴ്ചകളിൽ കുട്ടികൾക്ക് നൽകുന്നു..

കേന്ദ്ര ക്ഷയരോഗവിഭാഗം മുഖേന ലഭ്യമാകുന്ന ക്ഷയരോഗമരുന്നുകളും മറ്റനുബന്ധ സാധനങ്ങളും സ്റ്റേറ്റ് ഡ്രഗ്സ്റ്റോറിൽ സംഭരിച്ച്, ജില്ലാ ടി.ബി. സെന്ററുകൾ വഴി ആവശ്യാനുസരണം, TB unit കളിലേയ്ക്കും അവിടെ നിന്ന് PHC, Block HC, CHC, FHC താലൂക്ക്ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽആശുപത്രി , മെഡിക്കൽ കോളേജ് ആശുപത്രി തുടങ്ങിയ ചികിത്സാ കേന്ദ്രങ്ങളിലേയ്ക്കും വിതരണം ചെയ്യുന്നു.

സർക്കാർതലത്തിൽ ക്ഷയരോഗ പരിശോധനയും ക്ഷയരോഗ മരുന്നു വിതരണവും തികച്ചും സൗജന്യമാണ്. ക്ഷയരോഗ ബാധിതർക്ക് മുടക്കം കൂടാതെ മരുന്ന് ലഭ്യമാക്കുന്നതിനും ക്ഷയരോഗ ചികിത്സ മുടക്കം കൂടാതെ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ,ആരോഗ്യ പ്രവർത്തകരുടേയും ഡോട് പ്രൊവൈഡർ, ആശാവർക്കർമാർ തുടങ്ങിയ സന്നദ്ധ പ്രവർത്തകരുടേയും സേവനവും ലഭ്യമാക്കിവരുന്നു. മൈക്രോസ്കോപ്പിക്ക് സെന്ററുകൾ വഴി സൗജന്യ കഫ പരിശോധനയും എക്സ്റേ സംവിധാനമുള്ള ചികിത്സാ കേന്ദ്രങ്ങളിൽ നിന്നും X- ray പരിശോധനയും സൗജന്യമായി ക്ഷയരോഗബാധിതർക്ക് ലഭ്യമാണ്.

മൈക്രോസ്കോപ്പിക്ക് പരിശോധനയ്ക്ക് പുറമേ ക്ഷയരോഗ പരിശോധനയ്ക്കായി കൾച്ചർ, മോളിക്കുലർ testing തുടങ്ങിയ അതിനൂതന പരിശോധനാ സംവിധാനങ്ങളും സജ്ജമാണ്. ക്ഷയരോഗം കൂടുതൽ വേഗത്തിലും കൃത്യമായും കണ്ടെത്തുന്നതിനും, ക്ഷയരോഗമരുന്നുകളോടുള്ള പ്രതിരോധം കുറഞ്ഞ സമയത്തിനുള്ളിൽ തിരിച്ചറിയുന്നതിനും സൗകര്യമുണ്ട്. ക്ഷയരോഗ നിരക്കിനെ നിയന്ത്രിക്കുന്ന പ്രധാന അപകടകരമായ ഘടകങ്ങളായ പ്രമേഹം, പുകവലി , അമിതമദ്യപാനം, മറ്റുജീവിതശൈലിരോഗങ്ങൾ മുതലായവയ്ക്കു ചികിത്സയെടുക്കുന്നവരിലും ദീർഘകാല ശ്വാസകോശ രോഗങ്ങൾക്കായി ചികിത്സയ്ക്ക് വരുന്നവരിലും ക്ഷയരോഗ ലക്ഷണങ്ങൾക്കായി കൃത്യമായ പരിശോധനയും ക്ഷയരോഗചികിത്സയും നൽകിവരുന്നുണ്ട്. ഇതിനൊപ്പം സ്വകാര്യമേഖലയിൽ നിന്നും ക്ഷയരോഗികളെ കണ്ടെത്തി കഴിഞ്ഞാൽ ഇത് സംബന്ധിച്ചുള്ള വിവരം ജില്ലാ കേന്ദ്രത്തെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരാൾക്ക് ക്ഷയരോഗമുണ്ടെന്ന് സ്വാകാര്യ ആശുപത്രിയിൽ നിന്ന് ആരോഗ്യ കേന്ദ്രത്തെ അറിയിച്ചു കഴിഞ്ഞാൽ രോഗികളുടെ താല്പര്യ പ്രകാരം തുടർ ചികിത്സ

സർക്കാർ ഏറ്റെടുക്കുന്നതാണ്. മരുന്നും മറ്റ് അനുബന്ധ ചികിത്സാസഹായങ്ങളും സർക്കാർ സൗജന്യമായി നൽകും.

1/4/22

Hari

സെക്ഷൻ ഓഫീസർ